©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2020 നവംബർ 25<br>25th November 2020<br>1196 വൃശ്ചികം 10<br>10th Vrischikam 1196<br>1942 അഗ്രഹായനം 4<br>4th Agrahayana 1942 | നമ്പർ<br>No. | 2887 |


### കേരള സർക്കാർ

<u>നിയമ (നിയമനിർമ്മാണ-ഇ) വകുപ്പ്</u>

### വിജ്ഞാപനം

നമ്പർ 15312/ലെഗ്.ഇ1/2020/നിയമം.

*തിരുവനന്തപുരം, 2020 നവംബർ 25*
*1196 വൃശ്ചികം 10*
*1942 അഗ്രഹായനം 4.*

2020 നവംബർ 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമവകുപ്പ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2020-ലെ 80-ാം നമ്പർ ഓർഡിനൻസ്

## 2020-ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്

പിൻവലിക്കുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 79) 2020 നവംബർ 20-ാം തീയതി ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയതിനാലും;

പ്രസ്തുത ഓർഡിനൻസ് പിൻവലിക്കേണ്ടത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡവും (2)-ാം ഖണ്ഡത്തിന്റെ (ബി) ഉപഖണ്ഡവും പ്രകാരം, നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. <u>2020-ലെ 79-ാം നമ്പർ ഓർഡിനൻസിന്റെ പിൻവലിക്കൽ</u>.—2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 79) ഇതിനാൽ പിൻവലിച്ചിരിക്കുന്നു.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-E) Department**

## NOTIFICATION

No. 15312/Leg.E1/2020/Law.

*Dated, Thiruvananthapuram, 25th November, 2020*
*10th Vrischikam, 1196*
*4th Agrahayana, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Police (Amendment) Withdrawal Ordinance, 2020 (80 of 2020).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2020-ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 80 OF 2020

## THE KERALA POLICE (AMENDMENT) WITHDRAWAL ORDINANCE, 2020

Promulgated by the Governor of Kerala in the Seventy-first Year of the Republic of India.

*AN*

*ORDINANCE*

*to withdraw the Kerala Police (Amendment) Ordinance, 2020.*

*Preamble.*—WHEREAS, the Governor of Kerala has promulgated the Kerala Police (Amendment) Ordinance, 2020 (79 of 2020) on the 20th day of November, 2020 under clause (1) of article 213 of the Constitution of India;

AND WHEREAS, it is expedient to withdraw the said Ordinance;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) and sub-clause (b) of clause (2) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Police (Amendment) Withdrawal Ordinance, 2020.

(2) It shall be deemed to have come into force on the 21st day of November, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. *Withdrawal of Ordinance No. 79 of 2020.*—The Kerala Police (Amendment) Ordinance, 2020 (79 of 2020) is hereby withdrawn.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.25 08:22:17 +05:3(

75

രഹസ്യം

# കേരള സർക്കാർ

## 76) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 24-11-2020

ഫയൽ നം. ഇ4/315/2020/ആഭ്യന്തരം. ഇനം നം: 4367

വിഷയം : ആഭ്യന്തര വകുപ്പ് - കേരള പോലീസ് ആക്ട്, 2011 - ഓർഡിനൻസ് പിൻവലിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. കുറിപ്പിനോടൊപ്പം സമർപ്പിച്ചിട്ടുള്ള 2020-ലെ കേരളാ പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസിന്റെ കരട് അംഗീകരിക്കുവാനും ആയത് വിളംബരപ്പെടുത്തുന്നതിന് ബഹു. ഗവർണ്ണറോട് ശുപാർശ ചെയ്യുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

24/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

43 ഐ

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : ഇ 4/315/2020/ആഭ്യന്തരം |
| 2 | വകുപ്പ് | : ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : കേരള പോലീസ് ആക്ട്, 2011 – ഓർഡിനൻസ് പിൻവലിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 23.11.2020 |
| 5 | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | : അല്ല. |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : ഡോ. ഒ. സെറീന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.സഞ്ജയ് എം കൗൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24.11.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24.11.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 24.11.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 24.11.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2020 ലെ കേരള പോലീസ് (ഭേദഗതി)ഓർഡിനൻസ് (2020 ലെ 79) വഴി പ്രാബല്യത്തിൽ വന്ന 2011 ലെ കേരള പോലീസ് ആക്ടിലെ ( 2011 ലെ 8) 118 A വകുപ്പ്, 125-ാം വകുപ്പിലെ തുടർ ഭേദഗതി എന്നിവ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ കുറിപ്പ്.

2) 2011 ലെ കേരള പോലീസ് ആക്ടിൽ (2011 ലെ 8) , സെക്ഷൻ 118 A കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തി ഓർഡിനൻസ് പ്രഖ്യാപിക്കപ്പെട്ടതോടെ പൊതു സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വ്യക്തികളെ അപമാനിക്കുന്ന രീതിയിൽ അവരുടെ മൗലികാവകാശമായ സ്വകാര്യതയെ ഹനിക്കുന്ന തരത്തിൽ ചില പരാമർശങ്ങൾ, വാർത്തകൾ സമൂഹമാധ്യമങ്ങളിലൂടെ ഉൾപ്പെടെ പ്രചരിക്കുന്നതായി പല പരാതികളും ഉന്നയിക്കപ്പെട്ടു. സ്ത്രീത്വത്തെ അപമാനിക്കൽ, വ്യാജ വാർത്തകൾ പ്രചരിപ്പിക്കൽ എന്നിവ ഉൾപ്പെടെ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് പരാതികളായി വന്നത്. കുടുംബ ഭദ്രതയെപ്പോലും തകർക്കുന്ന വിധമുള്ള സൈബർ ആക്രമണങ്ങളുടെ ദൃഷ്ടാന്തങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് വിധേയരാകുന്ന ആളുകൾ അനുഭവിക്കുന്ന മാനസിക പീഡനം വളരെ വലുതാണ്. ഇവർക്കും ഭരണഘടനാദത്തമായ മൗലികാവകാശങ്ങൾ ഉണ്ടെന്ന കാര്യം വിസ്മരിക്കപ്പെട്ടുകൂടാ. അസത്യമാണെന്ന് ബോധപൂർവ്വം അറിവോടുകൂടി പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളെയാണ് മേൽപ്പറഞ്ഞ നിയമഭേദഗതിയിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചത്.

3) എന്നിരിക്കിലും, പൊതു സമൂഹത്തിൽ നിന്നും ചില ആശങ്കകൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ നിയമഭേദഗതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കേസ് എടുക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം ലഭിക്കുമെന്നും അത് ദുരുപയോഗം ചെയ്യപ്പെടാൻ ഇടയുണ്ടെന്നുമാണ് ആശങ്ക. ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാരിന് അതീവ താൽപ്പര്യമുണ്ട്. സമൂഹത്തിൽ ഉയർന്നു വരുന്ന അഭിപ്രായങ്ങൾക്ക് വില കൽപ്പിക്കുകയും അതിന് അർഹമായ പരിഗണന നൽകുകയും ചെയ്യുന്ന രീതി ഇക്കാര്യത്തിലും സർക്കാർ അവലംബിക്കാൻ ഉദ്ദേശിക്കുന്നു. നിയമ ഭേദഗതിയുടെ ഉദ്ദേശ്യം കൃത്യമായി വിവരിച്ച ശേഷവും സംശയങ്ങൾ ബാക്കി

നിൽക്കുന്നതിനാൽ ഈ നിയമഭേദഗതി പിൻവലിക്കുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു. കൂടുതൽ വിശദമായ ചർച്ചകൾ ഇക്കാര്യത്തിൽ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച പത്ര കുറിപ്പ് ബഹു. മുഖ്യമന്ത്രി ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

4) ഓർഡിനൻസ് പിൻവലിക്കുന്ന കാര്യത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിരുന്നു. നിയമവകുപ്പ് സെക്രട്ടറി താഴെപറയുന്ന ഉപദേശം ഫയലിൽ രേഖപ്പെടുത്തി.

*"If the Administrative Department is of the considered opinion that there is sufficient ground to repeal the Kerala Police (Amendment) Ordinance, 2020, the same can be done by invoking Article 213 (2)(b) of the Indian Constitution through an Ordinance by withdrawing the Kerala Police (Amendment) Ordinance 2020."*

5) 2020 ലെ കേരള പോലീസ് (ഭേദഗതി)ഓർഡിനൻസ് (2020 ലെ 79) വഴി പ്രാബല്യത്തിൽ വന്ന 2011 ലെ കേരള പോലീസ് ആക്ടിലെ ( 2011 ലെ 8) 118 A വകുപ്പ്, 125-ാം വകുപ്പിലെ തുടർ ഭേദഗതി എന്നിവ പിൻവലിക്കാവുന്നവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന് മുമ്പാകെ സമർപ്പിക്കാൻ ഉത്തരവായി.

6) 2020 ലെ കേരള പോലീസ് (ഭേദഗതി)ഓർഡിനൻസ് (2020 ലെ 79)പിൻവലിക്കുന്നതിനായി തയ്യാറാക്കിയ കരട് ഓർഡിനൻസ് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി. ഇക്കാര്യത്തിൽ നിയമവകുപ്പ് താഴെ പറയുന്ന അഭിപ്രായം നല്കി.

"2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 79) കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുണ്ട്. ആയത് പിൻവലിക്കുന്നതിന്മേൽ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഭരണ വകുപ്പ് ഫയൽ അയച്ചിട്ടുള്ളത്.

ഭരണഘടനയുടെ അനുച്ഛേദം 213 2-ാം ഖണ്ഡം (b) ഉപഖണ്ഡപ്രകാരം ഓർഡിനൻസ് നിയമസഭ പാസ്സാക്കുന്നതിന് മുൻപ് ഏതു സമയത്തും ആയത് ഗവർണ്ണർക്ക് പിൻവലിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത അനുച്ഛേദം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്കൊണ്ട് 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് പിൻവലിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിൽ

83

നിയമതടസ്സമില്ല.

മേൽപ്പറഞ്ഞതിനു വിധേയമായി ഈ വകുപ്പ് തയ്യാറാക്കിയ കരട് ഓർഡിനൻസ് കൊടി 'എ ' യിൽ വച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമാണോ എന്ന് ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.

നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വിഷയം പ്രധാനമായും ഭാരതത്തിന്റെ ഭരണഘടനയിലെ ഏഴാം പട്ടികയിലെ ലിസ്റ്റ് II- സംസ്ഥാന ലിസ്റ്റിലെ 1, 2 എന്നീ ഉൾക്കുറിപ്പുകളിലും ലിസ്റ്റ് III. – സമവർത്തി ലിസ്റ്റിലെ 1, 2 എന്നീ ഉൾക്കുറിപ്പുകളിലും പെടുന്നു. അതായത്:-

" ലിസ്റ്റ് II – സംസ്ഥാന ലിസ്റ്റ്

1. പൊതുസമാധാനം (എന്നാൽ സിവിൽ അധികാരത്തിന് സഹായകമായി [യൂണിയന്റെ നാവികസേനയുടെയോ കരസേനയുടെയോ വ്യോമസേനയുടെയോ മറ്റേതെങ്കിലും സായുധ സേനയുടെയോ യൂണിയന്റെ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും സേനയുടെയോ അതിന്റെ ഒരു വിഭാഗത്തിന്റെയോ ഘടകത്തിന്റെയോ] ഉപയോഗം ഒഴികെ)

2. ലിസ്റ്റ് I-ലെ 2 ക ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, പോലീസ് (റെയിൽവെ പോലീസും ഗ്രാമപോലീസും ഉൾപ്പെടെ)

*** *** *** ***

ലിസ്റ്റ് III – സമവർത്തി ലിസ്റ്റ്

1. ക്രിമിനൽ നിയമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിൽ ഉൾപ്പെട്ടിട്ടുളളഅള എല്ലാ വിഷയങ്ങളും ഉൾപ്പെടെയും, എന്നാൽ ലിസ്റ്റ് I-ലോ, ലിസ്റ്റ് II-ലോ പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ചുള്ള നിയമങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ ഉൾപ്പെടാതെയും, സിവിൽ അധികാരത്തിന് സഹായകമായി യൂണിയന്റെ നാവികസേനകളുടെയോ കരസേനകളുടെയോ വ്യോമസേനകളുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സായുധസേനകളുടെയോ ഉപയോഗം ഉൾപ്പെടാതെയും.

2. ക്രിമിനൽ നടപടിക്രമം, ഈ ഭരണഘടനയുടെ പ്രാരംഭത്തിൽ ക്രിമിനൽ നടപടി നിയമസംഹിതയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടെ.

*** *** *** *** "

ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭക്കും ഓർഡിനൻസ് പുറപ്പെടുവിക്കാൻ ബഹു. ഗവർണ്ണർക്കും അധികാരമുണ്ട്.

നിർദ്ദിഷ്ട ഭേദഗതിയിലെ വ്യവസ്ഥകൾ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. നിർദ്ദിഷ്ട ഭേദഗതി നിർദ്ദേശങ്ങൾ ഭരണഘടനയുടെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുൻപ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ആയതിനാൽ ഇപ്രകാരമൊരു നിയമനിർമ്മാണം നടത്തുവാൻ രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമില്ല.

കരട് ഓർഡിനൻസ് അംഗീകരിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കാൻ ബഹു. ഗവർണ്ണറോട്ടു ശിപാർശ ചെയ്തുകൊണ്ടുമുള്ള മന്ത്രിസഭയുടെ തീരുമാനം നേടിയതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര സാഹചര്യം കൂടി രേഖപ്പെടുത്തി തുടർനടപടികൾക്കായി ഫയൽ ഈ വകുപ്പിലേക്ക് ലഭ്യമാക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

7) നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ഓർഡിനൻസ് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ഉത്തരവിനായി ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ അപ്രകാരം ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

2020 ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020 ലെ 79) 2020 നവംബർ 21 മുതൽ പിൻവലിക്കാനും 2020 ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ് പുറപ്പെടുവിക്കാനും ബഹു. ഗവർണ്ണറോട് ശിപാർശ ചെയ്യാമോ ?

------------------------

## 2020 ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ്

**2020 ലെ കേരള പോലീസ് (ഭേദഗതി)**

**ഓർഡിനൻസ് പിൻവലിക്കുന്നതിനുള്ള**

**ഒരു**

**ഓർഡിനൻസ്**

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണർ വിളംബരപ്പെടുത്തിയത്.

പീഠിക.- 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 79) 2020 നവംബർ 20-ാം തീയതി ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡ പ്രകാരം കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയതിനാലും;

പ്രസ്തുത ഓർഡിനൻസ് പിൻവലിക്കേണ്ടത് യുക്തമായിരിക്കുകയാലും,

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡവും (2)-ാം ഖണ്ഡത്തിന്റെ (b) ഉപഖണ്ഡവും പ്രകാരം, നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു :-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ഓർഡിനൻസിന് 2020 ലെ കേരള പോലീസ് (ഭേദഗതി) പിൻവലിക്കൽ ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2020-ലെ 79-ാം നമ്പർ ഓർഡിനൻസിന്റെ പിൻവലിക്കൽ.- 2020-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 79) ഇതിനാൽ പിൻവലിച്ചിരിക്കുന്നു.